REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-04-2024 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- ലോകോത്തര നിലവാരത്തിലും, കുറഞ്ഞ വിലയിലും ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് ഇന്ത്യ അനുയോജ്യമാണെന്ന്, ലോകം അംഗീകരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.
- ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഇന്ന് മുതൽ പ്രചാരണം കൂടുതൽ ശക്തമാകും.
- ഉത്തരേന്ത്യയിൽ വിശ്വാസികൾ ഇന്ന് ഈദുൽ ഫിത്തർ ആഘോഷിക്കുന്നു.
- സംസ്ഥാനത്ത് വരുംദിവസങ്ങളിലും ഉയർന്ന പകൽ ചൂട് തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്.
- IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിന് വിജയം.

## വാർത്തകൾ വിശദമായി

ലോകോത്തര നിലവാരത്തിലും, കുറഞ്ഞ വിലയിലും ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് ഇന്ത്യ അനുയോജ്യമാണെന്ന്, ലോകം അംഗീകരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ലോകത്തെ 11-ാമത്തെ സാമ്പത്തിക ശക്തി എന്ന നിലയിൽ നിന്ന് ഇന്ത്യ അഞ്ചാം സ്ഥാനത്തെത്തിയതായും അദ്ദേഹം അമേരിക്കൻ മാസികയ്ക്കു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. മൂന്നാമത്തെ സാമ്പത്തിക ശക്തിയാകുകയാണ് ഇന്ത്യയുടെ അഭിലാഷം. ബഹിരാകാശം, നിർമ്മിതബുദ്ധി, ഹരിതോർജ്ജം, അർദ്ധചാലകം എന്നിവയടക്കം ഭാവിയുടെ സാങ്കേതിക വിദ്യകളിൽ ഇന്ത്യക്ക് അനന്ത സാധ്യതകളുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

25 കോടിയിലേറെ ആളുകളെ കഴിഞ്ഞ പത്തു വർഷം കൊണ്ട് പട്ടിണിയിൽ നിന്ന് മോചിപ്പിക്കാൻ കഴിഞ്ഞു. ജാതി- മത - മേഖലാ വിവേചനമില്ലാതെ എല്ലാവരിലും വികസനത്തിന്റെ ഫലം എത്തിക്കുകയെന്നതാണ് കേന്ദ്രത്തിന്റെ ലക്ഷ്യമെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഇന്ന് മുതൽ പ്രചാരണം കൂടുതൽ ശക്തമാകും. ചെറിയ പെരുന്നാളിനെ തുടർന്ന് ഇന്നലെ സ്വകാര്യ സന്ദർശനങ്ങളിലാണ് സ്ഥാനാർത്ഥികളും പ്രവർത്തകരും ശ്രദ്ധ ചെലുത്തിയത്. പൊതുയോഗങ്ങളും, റോഡ് ഷോകളും, പ്രകടനങ്ങളുമായി പ്രചാരണരംഗം ഇന്ന് വീണ്ടും സജീവമാകും.

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ക്രമീകരിച്ചിരിക്കുന്ന 2,122 ക്യാമറകളിലൂടെ തത്സമയ നിരീക്ഷണം നടത്തിവരികയാണെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ചെക്പോസ്റ്റുകളിലെ ദൃശ്യങ്ങൾ, പെരുമാറ്റച്ചട്ടം എന്നിവയെല്ലാം നിരീക്ഷകരും, ഫ്ലയിംഗ് സ്ക്വാഡുകളും വിലയിരുത്തുന്നുണ്ട്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വ്യാജ വാർത്തകൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ആറ്റിങ്ങൽ മണ്ഡലത്തിൽ LDF നായി തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കും. രാവിലെ വർക്കലയിലെ പ്രചാരണത്തിന് തുടക്കം കുറിയ്ക്കുന്ന മുഖ്യമന്ത്രി ഉച്ചകഴിഞ്ഞ് കാട്ടാക്കടയിലും, കന്യാകുളങ്ങരയിലും എത്തും.

✪✪✪

കോഴിക്കോട്ട് മൂന്ന് മുന്നണികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം കടുത്ത വേനൽച്ചൂടിലും ഊർജ്ജിതമായി പുരോഗമിക്കുകയാണ്. UDF സ്ഥാനാർത്ഥി MK രാഘവൻ ഇന്ന് UDYF ന്റെ 'വാക്ക് വിത്ത് MKR' എന്ന പരിപാടിയിൽ പങ്കെടുക്കും. യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് രാഹുൽ മാങ്കൂട്ടത്തിൽ, യൂത്ത്ലീഗ് സംസ്ഥാന സെക്രട്ടറി P.K ഫിറോസ് തുടങ്ങിയവർ പരിപാടിയിൽ സംബന്ധിക്കും.

LDF സ്ഥാനാർത്ഥി എളമരം കരീം ഇന്ന് വീടുകൾ സന്ദർശിച്ചും പ്രമുഖ വ്യക്തികളെ കണ്ടും വോട്ടഭ്യർത്ഥിക്കും. ഔദ്യോഗിക പര്യടനം ഇന്ന് ഉണ്ടാവില്ല.

NDA കോഴിക്കോട് ലോക്സഭാ മണ്ഡലം മഹിളാസംഗമം രാവിലെ സ്നേഹാഞ്ജലി ഓഡിറ്റോറിയത്തിൽ നടത്തും. കേന്ദ്രമന്ത്രി മീനാക്ഷി ലേഖി

ഉദ്ഘാടനം ചെയ്യും. ഇതിനു മുന്നോടിയായി മഹിളാ റാലിയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കൊല്ലം ലോക്സഭാ മണ്ഡലത്തിൽ മൂന്ന് മുന്നണികളും പ്രചാരണരംഗത്ത് സജീവമാണ്. വരുംദിവസങ്ങളിൽ സംസ്ഥാന- ദേശീയ നേതാക്കളെ എത്തിച്ച് പ്രചാരണം കൂടുതൽ ഫലപ്രദമാക്കാനുള്ള ശ്രമത്തിലാണ് മുന്നണികൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി നീരജ് ലാൽ.

............(വോയ്സ്)................

✪✪✪

പാനൂർ ബോംബ് സ്ഫോടനത്തെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തേണ്ടത് നാടിന്റെ സമാധാനാന്തരീക്ഷം നിലനിർത്താൻ അനിവാര്യമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. ബോംബ് നിർമ്മാണം സംബന്ധിച്ച റിമാൻഡ് റിപ്പോർട്ട് ഞെട്ടിക്കുന്നതാണെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. സംഘർഷം നിലനിൽക്കാത്ത ഒരിടത്ത് ഇത്ര വലിയ ആക്രമണത്തിന് കോപ്പുകൂട്ടിയത് തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ വേണ്ടിയാണെന്ന് സുരേന്ദ്രൻ ആരോപിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ നിയമസഭാ നിയോജക മണ്ഡലങ്ങളിലെ ഉദ്യോഗസ്ഥർക്ക് നാളെയും മറ്റന്നാളും നടത്താൻ തീരുമാനിച്ചിരുന്ന പരിശീലനം ഈ മാസം 17, 18 തീയതികളിലേക്ക് മാറ്റി. അതേസമയം 15, 16 തീയതികളിലെ പരിശീലനത്തിന് മാറ്റമില്ലെന്ന് എറണാകുളം ജില്ലാ കളക്ടർ NSK ഉമേഷ് അറിയിച്ചു.

തിരുവനന്തപുരത്തും നാളെയും മറ്റന്നാളും നിശ്ചയിച്ചിരുന്ന രണ്ടാം ഘട്ട പരിശീലനം മാറ്റി. ഈ മാസം 17, 18 തിയതികളിലായിരിക്കും പരിശീലന പരിപാടി.

✪✪✪

തൃപ്പൂണിത്തുറയിലെ കോൺഗ്രസ് MLA കെ ബാബുവിന്റെ തിരഞ്ഞെടുപ്പ് വിജയം ചോദ്യം ചെയ്ത് LDF സ്ഥാനാർത്ഥി M.സ്വരാജ് നൽകിയ ഹർജിയിൽ ഹൈക്കോടതി വിധി ഇന്നുണ്ടായേക്കും. K ബാബു വോട്ടർമാർക്ക് നൽകിയ

സ്ലിപ്പിൽ ശബരിമല അയ്യപ്പന്റെ ചിത്രം ഉപയോഗിച്ചതടക്കം പെരുമാറ്റച്ചട്ടലംഘനം ഉന്നയിച്ചാണ് സ്വരാജ് ഹൈക്കോടതിയെ സമീപിച്ചത്.

✪✪✪

ഉത്തരാഖണ്ഡിലെ ഋഷികേശിൽ BJP തിരഞ്ഞെടുപ്പ് റാലിയിൽ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. രണ്ടാം തവണയാണ് അദ്ദേഹം ഉത്തരാഖണ്ഡിലെത്തുന്നത്. ഇതിനുമുമ്പ് രുദ്രാപൂരിലെ ആദ്യ തിരഞ്ഞെടുപ്പ് റാലിയെ അദ്ദേഹം അഭിസംബോധന ചെയ്തിരുന്നു.

✪✪✪

BSP സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് മാറ്റിവെച്ച മധ്യപ്രദേശ് ബേതുൽ ലോക്സഭാ മണ്ഡലത്തിലെ പുതിയ തിരഞ്ഞെടുപ്പ് തീയതി തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. ഈ മാസം 26 ന് രണ്ടാം ഘട്ടത്തിൽ നടത്തേണ്ടിയിരുന്ന വോട്ടെടുപ്പ്, മൂന്നാംഘട്ടത്തിൽ മെയ് ഏഴിന് നടത്തും.

✪✪✪

രാജ്യത്തെ സൈനിക് സ്കൂളുകൾ കേന്ദ്രം സ്വകാര്യവൽക്കരിക്കുകയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ കുറ്റപ്പെടുത്തി. സ്വകാര്യവൽക്കരണ നയം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രപതി ദ്രൗപദി മുർമുവിന് എഴുതിയ കത്തിൽ , സ്വകാര്യ സൈനിക് സ്കൂളുകളുമായി കേന്ദ്രം ധാരണാപത്രം ഒപ്പിട്ടതിനെ അദ്ദേഹം ചോദ്യം ചെയ്തു.

✪✪✪

ഉത്തരേന്ത്യയിൽ വിശ്വാസികൾ ഇന്ന് ഈദുൽ ഫിത്തർ ആഘോഷിക്കുന്നു. മഹാരാഷ്ട്രയിലും ഇന്നാണ് പെരുന്നാൾ ആഘോഷം. രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ഈദുൽ ഫിത്തർ ആശംസകൾ നേർന്നു.

ഈദുൽ ഫിത്തർ ഐക്യത്തിന്റെയും, സഹനത്തിന്റെയും, കാരുണ്യത്തിന്റെയും ആഘോഷമാണെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. പാവപ്പെട്ടവരെയും, ആലംബമില്ലാത്തവരെയും സഹായിച്ച് അവർക്കൊപ്പം സന്തോഷം പങ്കുവെയ്ക്കാൻ ആഘോഷം വഴിയൊരുക്കുന്നതായി രാഷ്ട്രപതി വിലയിരുത്തി.

കാരുണ്യവും, ഐക്യവും, ഉദാരതയും ഉൾച്ചേർന്നതാണ് ഈദുൽ ഫിത്തറെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ സന്ദേശത്തിൽ പറഞ്ഞു.

ഒരുമയും, സമാധാനവും, കാരുണ്യവും കൂടുതൽ ശക്തിപ്പെടുന്നതിന് റംസാൻ ആഘോഷം ഇടവരുത്തട്ടെയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ലോക സർവകലാശാലാ റാങ്കിംഗിൽ ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി മികച്ച റാങ്ക് നേടിയ ഇന്ത്യൻ സർവകലാശാലയായി. ഡെവലപ്മെന്റ് സ്റ്റഡീസിൽ 20-ാം സ്ഥാനത്താണ് JNU.

✪✪✪

പരിപ്പിന്റെയും പയർവർഗ്ഗങ്ങളുടെയും പ്രതിവാര സ്റ്റോക്ക് പരിശോധിക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. തുറമുഖങ്ങളിലെ വെയർഹൗസുകളിലും, വിതരണക്കാരുടെ ഗോഡൗണുകളിലും പരിശോധന നടത്തണം. തെറ്റായ സ്റ്റോക്ക് വിവരം നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കണമെന്ന്, ഉപഭോക്തൃകാര്യവകുപ്പ് സംസ്ഥാന പ്രിൻസിപ്പൽ സെക്രട്ടറിമാരോടും, ഭക്ഷ്യ സെക്രട്ടറിമാരോടും ആവശ്യപ്പെട്ടു.

✪✪✪

ഏഷ്യാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വനിതാ സിംഗിൾസ് പ്രീക്വാർട്ടറിൽ ഇന്ന് ഇന്ത്യൻ താരം PV സിന്ധു, ചൈനയുടെ ആറാം സീഡ്, ഹാൻ യുവെയെ നേരിടും. മലേഷ്യയുടെ ഗോ ജിൻ വെയ്യെ തോൽപ്പിച്ചാണ് സിന്ധു പ്രീക്വാർട്ടറിൽ പ്രവേശിച്ചത്.

പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ H S പ്രണോയ് ഇന്ന് തായ്‌വാനിന്റെ, ലിൻ ചുൻ-യി- യെ നേരിടും. വനിതാ ഡബിൾ സിൽ അശ്വിനി പൊന്നപ്പ- തനിഷ കാസ്ട്രോ സഖ്യം ഇന്ന് ജാപ്പനീസ് ജോഡിയെ നേരിടും.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിന് വിജയം. ജയ്പൂരിൽ രാജസ്ഥാൻ റോയൽസിനെ മൂന്ന് വിക്കറ്റിനാണ് ഗുജറാത്ത് പരാജയപ്പെടുത്തിയത്.

ഇന്ന് മുംബൈ ഇന്ത്യൻസ്, ബെംഗളൂരു റോയൽ ചലഞ്ചേഴ്സിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയ ത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് വരുംദിവസങ്ങളിലും ഉയർന്ന പകൽ ചൂട് തുടരുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിൽ ഞായറാഴ്ച വരെ താപനില 41 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

കൊല്ലത്ത് 40 ഡിഗ്രി വരെയും, തൃശൂരിൽ 39 ഡിഗ്രി വരെയും, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കും. ആലപ്പുഴ, എറണാകുളം, കാസർഗോഡ് ജില്ലകളിൽ 37 ഡിഗ്രി വരെയും, തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ 36 ഡിഗ്രി വരെയും താപനില ഉയർന്നേക്കാമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

മേട മാസപൂജകൾക്കും വിഷു പൂജകൾക്കുമായി ശബരിമല നട ഇന്നലെ തുറന്നു. ഇന്ന് പുലർച്ചെ പതിവു പൂജകൾ ആരംഭിച്ചു. ഇന്നു മുതൽ 18 വരെ നെയ്യഭിഷേകമടക്കം ചടങ്ങുകൾ ഉണ്ടായിരിക്കും.

മേടം ഒന്നായ ഏപ്രിൽ 14 ന് പുലർച്ചെ മൂന്നിന് നട തുറന്ന ശേഷം അയ്യപ്പനെ കണി കാണിക്കും. പിന്നീട് ഭക്തർക്ക് വിഷുക്കണി കാണാം. തുടർന്ന് തന്ത്രിയും മേൽശാന്തിയും വിഷുക്കൈനീട്ടം വിതരണം ചെയ്യും. മേടമാസ പൂജകൾ പൂർത്തിയാക്കി ഏപ്രിൽ 18 ന് നട അടയ്ക്കും.

✪✪✪

ലക്ഷദ്വീപിന്റെ കടൽ മേഖലയിൽ റിക്ടർ സ്കെയിലിൽ 4.1 രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടു. ഇന്നലെ അർദ്ധരാത്രിക്ക് ശേഷമാണ് ഭൂചലനമുണ്ടായത്. നാശനഷ്ടങ്ങളോ, അപകടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪